**കേരള സർക്കാർ**

<u>സംഗ്രഹം</u>

തദ്ദേശസ്വയംഭരണ വകുപ്പ് - പറവൂർ ബ്ലോക്ക് പഞ്ചായത്ത് നടത്തുന്ന പ്ലാസ്റ്റിക് ഷ്രഡിങ് യൂണിറ്റിന്റെ ദൈനം ദിന പ്രവർത്തനവുമായി ബന്ധപ്പെട്ട് ആറ് മാസത്തേയ്ക്ക് വയബിലിറ്റി ഗ്യാപ് ഫണ്ട് നൽകുന്നതിന് പറവൂർ ബ്ലോക്ക് പഞ്ചായത്തിന് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശ സ്വയം ഭരണ (ഡി.സി) വകുപ്പ്**

സ.ഉ.(സാധാ)നം.2677/2018/തസ്വഭവ തിരുവനന്തപുരം, തീയതി 19.10.2018

---

പരാമർശം :-1) പറവൂർ ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റിന്റെ 06.06.2018 ലെ കത്ത്

2) എറണാകുളം ജില്ലാ കളക്ടറുടെ 02.08.2018 ലെ 59037/18/ DPO/ EKM നമ്പർ കത്ത്

3) 27.09.2018 ൽ ചേർന്ന വികേന്ദ്രീകൃതാസൂത്രണ സംസ്ഥാനതല കോ-ഓർഡിനേഷൻ കമ്മിറ്റിയുടെ പ്രത്യേക വിഷയങ്ങളിലെ തീരുമാനം നമ്പർ 2.1

**<u>ഉത്തരവ്</u>**

ചേന്ദമംഗലം ഗ്രാമപഞ്ചായത്തിൽ പറവൂർ ബ്ലോക്ക് പഞ്ചായത്ത് സ്ഥാപിച്ചിട്ടുള്ള പ്ലാസ്റ്റിക് ഷ്രഡിങ് യൂണിറ്റുമായി ബന്ധപ്പെട്ട് ജീവനക്കാരുടെ ശമ്പളമുൾപ്പടെയുള്ള പ്രവർത്തന ചെലവുകൾ ബ്ലോക്ക് പഞ്ചായത്ത് വഹിക്കണമെന്ന് ചേന്ദമംഗലം ഗ്രാമപഞ്ചായത്ത് സമിതി തീരുമാനിച്ചിട്ടുള്ള സാഹചര്യത്തിൽ പ്രസ്തുത പ്രോജക്ടിന്റെ സുഗമമായ നടത്തിപ്പിന് പറവൂർ ബ്ലോക്ക് പഞ്ചായത്തിന്റെ വികസന ഫണ്ട് ഉപയോഗിക്കുന്നതിന് അനുമതി നൽകണമെന്ന് പറവൂർ ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റ് പരാമർശം (1) പ്രകാരം ആവശ്യപ്പെട്ടിരുന്നു.

2. സംസ്ഥാനത്തെ വിവിധ ഷ്രഡിങ് യൂണിറ്റുകളുടെ വരവും ചെലവും പരിശോധിച്ച് ശരാശരി നിരക്ക് സംബന്ധിച്ച് റിപ്പോർട്ട് സമർപ്പിക്കാൻ വികേന്ദ്രീകൃതാസൂത്രണ സംസ്ഥാനതല കോ-ഓർഡിനേഷൻ കമ്മിറ്റി ശുചിത്വ മിഷൻ എക്സിക്യൂട്ടീവ് ഡയറക്ടറെ ചുമതലപ്പെടുത്തിയിരുന്നു . അതിൻപ്രകാരം ശുചിത്വ മിഷൻ എക്സിക്യൂട്ടീവ് ഡയറക്ടർ സമർപ്പിച്ച റിപ്പോർട്ടിൽ പ്രതിദിനം 965/- രൂപ നിരക്കിൽ വയബിലിറ്റി ഗ്യാപ് ഫണ്ട് നൽകാവുന്നതാണ് എന്ന് ശിപാർശ ചെയ്തിട്ടുണ്ട്.

3. ശുചിത്വമിഷൻ എക്സിക്യൂട്ടീവ് ഡയറക്ടർ ശിപാർശ ചെയ്തതിന്റെ അടിസ്ഥാനത്തിൽ പറവൂർ ബ്ലോക്ക് പഞ്ചായത്ത് നടത്തുന്ന പ്ലാസ്റ്റിക് ഷ്രഡിങ് യൂണിറ്റിന്റെ ദൈനം ദിന പ്രവർത്തനവുമായി ബന്ധപ്പെട്ട് വയബിലിറ്റി ഗ്യാപ് ഫണ്ടായി ആറ് മാസത്തേയ്ക്ക് 965/- രൂപ പ്രതിദിനം നൽകുന്നതിന് പറവൂർ ബ്ലോക്ക് പഞ്ചായത്തിന് അനുമതി നൽകുന്നതിന് പരാമർശം (3) പ്രകാരം തീരുമാനിച്ചിട്ടുണ്ട്.

4. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു.പരാമർശം(3)-ലെ വികേന്ദ്രീകൃതാസൂത്രണ സംസ്ഥാനതല കോ-ഓർഡിനേഷൻ കമ്മിറ്റിയുടെ പ്രത്യേക വിഷയങ്ങളിലെ തീരുമാനം നമ്പർ 2.1 -ന്റെ അടിസ്ഥാനത്തിൽ പറവൂർ ബ്ലോക്ക് പഞ്ചായത്ത് നടത്തുന്ന പ്ലാസ്റ്റിക് ഷ്രഡിങ് യൂണിറ്റിന്റെ ദൈനം ദിന പ്രവർത്തനവുമായി ബന്ധപ്പെട്ട് വയബിലിറ്റി ഗ്യാപ് ഫണ്ടായി ആറ് മാസത്തേയ്ക്ക് 965/- രൂപ പ്രതിദിനം നൽകുന്നതിന് പറവൂർ ബ്ലോക്ക് പഞ്ചായത്തിന് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണ്ണറുടെ ഉത്തരവിൻപ്രകാരം)

**സിന്ധു.എൽ**

**ഗവ.സ്പെഷ്യൽ സെക്രട്ടറി**

പ്രസിഡന്റ് / സെക്രട്ടറി, പറവൂർ ബ്ലോക്ക്പഞ്ചായത്ത്
ചെയർമാൻ & ജില്ലാ കളക്ടർ, ജില്ലാ ആസൂത്രണ സമിതി, എറണാകുളം
എക്സിക്യൂട്ടീവ് ഡയറക്ടർ, ശുചിത്വ മിഷൻ
പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം
ഗ്രാമ വികസന കമ്മീഷണർ
ചെയർമാൻ, സ്റ്റേറ്റ് റിസോഴ്സ് ഗ്രൂപ്, പ്ലാനിങ് ബോർഡ്, പട്ടം ,തിരുവനന്തപുരം
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്/എ&ഇ) കേരള, തിരുവനന്തപുരം
എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം
ഡയറക്ടർ, ഐ&പി.ആർ.ഡി/ വെബ് & ന്യൂ മീഡിയ, തിരുവനന്തപുരം
കരുതൽ ഫയൽ/ ഓഫീസ് കോപ്പി
തദ്ദേശ സ്വയം ഭരണ (DA)വകുപ്പ്

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ